(ഡി) ഈ പദ്ധതികൾക്കായി ആകെ 1366 ലക്ഷം രൂപ അനുവദിക്കുകയും, 784 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെലവഴിക്കുകയും ചെയ്തു.

(ഇ) തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതിക്ക് 3769.70 ലക്ഷം രൂപയ്ക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. 942.40 ലക്ഷം രൂപ ടെക്നോളജി മിഷന്റെ ധനസഹായമായി അനുവദിച്ചു. 659.398 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

വിദേശ ടൂറിസ്റ്റുകൾക്ക് ആവശ്യമായ കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിക്കാൻ നടപടി

*22 [582] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് ആവശ്യമായ കരകൗശല വസ്തുക്കൾ കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം പ്രോത്സാഹനം നൽകുന്നുണ്ട്;

(ബി) അവരെക്കൊണ്ട് കൂടുതൽ കരകൗശല വസ്തുക്കൾ വാങ്ങിപ്പിക്കുന്നതിനായി എന്തെല്ലാം സെയിൽസ് പ്രൊമോഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വിദേശ ടൂറിസ്റ്റുകൾ വാങ്ങുന്ന കരകൗശല വസ്തുക്കളുടെ ബില്ലുകൾ അവർ തിരിച്ചുപോകുമ്പോൾ വിമാനത്താവളങ്ങളിൽ വച്ച് ടൂറിസ്റ്റ് വകുപ്പിന് സറണ്ടർ ചെയ്യുന്നപക്ഷം അവയുടെ വിലയിൽ ഒരു നിശ്ചിത ശതമാനം റിബേറ്റ് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): (എ ആന്റ് ബി) വിനോദസഞ്ചാര വകുപ്പ് പ്രമോഷന്റെ ഭാഗമായി കരകൗശല വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും വിദേശ ടൂറിസ്റ്റുകളുടെ ഇടയിൽ വിറ്റഴിക്കുന്നതിനും പ്രോത്സാഹനം നൽകി വരുന്നുണ്ട്. വിദേശ ടൂറിസം മേളകളിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളായ കരകൗശല വസ്തുക്കൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ വഴിയും വകുപ്പിന്റെ വെബ്സൈറ്റിലൂടെയും മറ്റ് ലഘുലേഖകളിലൂടെയും ഇത് സംബന്ധിച്ച വിവരങ്ങൾ നൽകിവരുന്നുണ്ട്. വകുപ്പിന്റെ ആസ്ഥാനത്ത് ഈ ഉൽപ്പന്നങ്ങളുടെ ഒരു വിപണനശാല പ്രവർത്തിച്ചുവരുന്നു. കൂടാതെ വിശേഷ അവസരങ്ങളിൽ സർക്കാർ അംഗീകൃത റിബേറ്റ് നൽകിവരുന്നു.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly